"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് - സഹകരണ പെൻഷൻ- വർദ്ധനവ് വരുത്തി ഉത്തരവാകുന്നു.

---

**സഹകരണ(എ)വകുപ്പ്**

സ.ഉ.(സാധാ) നം.69/2026/Co-Op തീയതി,തിരുവനന്തപുരം, 17-02-2026

---

പരാമർശം:-

1. സ.ഉ.(സാധാ)നം.490/2025/സഹ; തീയതി:07.11.2025
2. കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് ഭരണസമിതിയുടെ 24.01.2026 തീയതിയിലെ 6(H) നമ്പർ തീരുമാനം
3. സഹകരണ സംഘം രജിസ്ട്രാറുടെ 10.02.2026 തീയതിയിലെ RCS/968/2026-EM(5) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സഹകരണ പെൻഷൻ പദ്ധതികൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനും പഠനം നടത്താൻ നിയോഗിച്ച സമിതി സർക്കാരിലേക്ക് സമർപ്പിച്ച റിപ്പോർട്ടിന്മേൽ വിവിധ പെൻഷൻ സംഘടനാ പ്രതിനിധികളും ഉദ്യോഗസ്ഥരുമായി ബഹു.സഹകരണ വകുപ്പ് മന്ത്രി 05.11.2025 തീയതി നടത്തിയ ചർച്ചയിലെ തീരുമാന പ്രകാരം സഹകരണ പെൻഷൻ പദ്ധതികളിൽ മിനിമം പെൻഷൻ വർദ്ധിപ്പിച്ച് കൊണ്ടും പെൻഷനിൽ 2% വർദ്ധനവ് വരുത്തിയും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. സഹകരണ പെൻഷൻ പരിഷ്കരണ സമിതി ശിപാർശ ചെയ്തിട്ടുള്ള എല്ലാ ധനാഗമ മാർഗ്ഗങ്ങളും നടപ്പിൽ വരുത്തുന്നതിന് അപേക്ഷിക്കുവാൻ പരാമർശം (2) പ്രകാരം തീരുമാനം കൈകൊണ്ടിട്ടുള്ള സാഹചര്യത്തിൽ, സർക്കാരിനോട് ശിപാർശ ചെയ്തിരുന്ന സഹകരണ പെൻഷനിലെ വർദ്ധനവായ 5%-ൽ പരാമർശം (1) ഉത്തരവ് പ്രകാരം അനുവദിച്ചു നല്കിയിട്ടുള്ള 2%-നു പുറമെ 3% വർദ്ധനവു കൂടി അനുവദിക്കുന്നതിന് 24.01.2026 തീയതി ചേർന്ന പെൻഷൻ ബോർഡ് ഭരണസമിതി തീരുമാനം കൈക്കൊള്ളുകയും അപ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവ് പ്രകാരം സഹകരണ പെൻഷനിൽ അനുവദിച്ച 2% വർദ്ധനവിന് പുറമെ 3%

വർദ്ധനവ് കൂടി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജി ഫിലിപ്പ്
അഡിഷണൽ സെക്രട്ടറി

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
2. സെക്രട്ടറി, കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ്, തിരുവനന്തപുരം
3. വെബ് & ന്യൂ മീഡിയ, ഐ.& പി.ആർ.ഡി.
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എ3/207/2024/സഹ)

ഉത്തരവിൻ പ്രകാരം

Signed by
Jithesh B K
Date: 17-02-2026 17:05:47
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്. -ന്
സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.-ക്ക്